2009, ഖുത്വ്ബ നമ്പര്‍-50

بسم الله الرحمن الرحيم

11.12.2009
ബയ്ത്തുല്‍ ഫുതൂഹ്,
ലണ്ടന്‍

# നബിതിരുമേനി (സ) ദൈവികപ്രകാശം

കഴിഞ്ഞ ജുമുഅയില്‍ അല്ലാഹുവിന്റെ نُوْر എന്ന സവിശേഷ ഗുണവുമായി ബന്ധപ്പെട്ട് നിഘണ്ടുക്കളിലെ വിവിധ അര്‍ത്ഥങ്ങള്‍ പറഞ്ഞതിന് ശേഷം നിഘണ്ടുകര്‍ത്താക്കള്‍ വിശദീകരണങ്ങള്‍ക്കായി എടുത്ത ചില വചനങ്ങള്‍ നിങ്ങളുടെ മുമ്പില്‍ വെക്കുകയും സൂറ നൂറിലെ اَللّٰهُ نُوْرُ السَّمٰوٰتِ وَالْاَرْضِ എന്ന ആയത്തിനെ പറ്റി ചില വിശദീകരണങ്ങള്‍ നല്‍കുകയുമുണ്ടായി. നിഘണ്ടുകര്‍ത്താക്കള്‍ തങ്ങളുടെ ആശയങ്ങള്‍ തെളിയിക്കാനായി എടുത്തുദ്ധരിച്ച ഒന്ന് രണ്ട് വചനങ്ങള്‍ ഇന്നത്തെ ഖുതുബയിലും പരാമര്‍ശിക്കുന്നതാണ്. ഞാന്‍ പറഞ്ഞുവന്നത് വ്യാപിക്കുന്ന പ്രകാശത്തിനും نُوْر എന്നാണ് പറയാറുള്ളത് എന്നാണ് . ഈ പ്രകാശവും രണ്ട് വിധത്തിലാണ്. അതായത് വ്യാപിക്കുന്ന ഈ പ്രകാശത്തെ മുഫസ്സിരീങ്ങള്‍ രണ്ടുവിധമായി തിരിച്ചിരിക്കുന്നു. 1. ഐഹികമായ പ്രകാശം 2. പാരത്രികപ്രകാശം. ഇനി ഈ ഐഹികം തന്നെ രണ്ട് വിധത്തിലുണ്ട്. ഒന്ന്, ആ പ്രകാശത്തെ കണ്ടറിയാന്‍ സൂക്ഷ്മമായ നിരീക്ഷണം ആവശ്യമാണ്. ഇതി ന്റെ പേര് ധിഷണാപരം എന്നാണ് വെച്ചിരിക്കുന്നത്. അതായത് ദൃഢനിശ്ചയം കൊണ്ടും ബുദ്ധിവൈഭവം കൊണ്ടുമാണ് അത് കരഗതമാകുന്നത്. ദൈവികമായ കാര്യങ്ങളില്‍ ഈ ബുദ്ധി വൈഭവം എന്നത് ഖുര്‍ആന്റെ പ്രകാശമാണ്. രണ്ടാമത്തെ പ്രകാശം ബാഹ്യമായ ദൃഷ്ടിഗോചരമായ പ്രകാശമാണ്. അതിന് അനുഭവം എന്ന് പറയാവുന്നതാണ്. സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും മറ്റ് വസ്തുക്കളിലും കാണപ്പെടുന്ന പ്രകാശമാണത്. ദൈവിക പ്രകാശത്തിന്റെ ഉദാഹരണമായി മുഫ്റദാത്തില്‍ പറഞ്ഞ സൂറ: മാഇദയിലെയും സൂറ അന്‍ആമിലെയും ആയത്തുകളെക്കുറിച്ച് ഞാന്‍ പറഞ്ഞിരുന്നുവെങ്കിലും വിശദീകരണം നല്‍കിയിരുന്നില്ല. നമ്മുടെ കണ്ണുകള്‍ കൊണ്ട് കാണപ്പെടുന്ന പ്രകാശത്തിന് ഉദാഹരണമായി മുഫ്റദാത്തില്‍ സൂറ യൂനുസിലെ ആറാമത്തെ ആയത്താണ് നല്‍കിയിരിക്കുന്നത്.

هُوَ الَّذِىْ جَعَلَ الشَّمْسَ ضِيَآءً وَّ الْقَمَرَ نُوْرًا (10:6)

അതായത്, അവനത്രെ സൂര്യനെ ഉജ്ജ്വലതേജസ്സുള്ളതും ചന്ദ്രനെ പ്രകാശം പ്രതിഫലിപ്പിക്കുന്നതുമാക്കുകയും ചെയ്തിട്ടുള്ളവന്‍.

സൂര്യന് ضِيَآءٌ (ഉജ്ജ്വല തേജസ്സ്) എന്നും ചന്ദ്രന് نُوْر (പ്രകാശം) എന്നും ഉപയോഗിച്ചിരിക്കുന്നതില്‍ ചിലര്‍ക്ക് സംശയം തോന്നിയേക്കാം. ضِيَآءٌ എന്നാല്‍ ഉജ്ജ്വല തേജസ്സുള്ളത് എന്നും نُوْر എന്നാല്‍ കുറഞ്ഞ പ്രകാശവുമാണ്. ضِيَآءٌ എന്നാല്‍ കൂടുതല്‍ പ്രകാശം നല്‍കുന്നതും نُوْر എന്നത് കുറഞ്ഞ പ്രകാശം നല്‍കുന്നതുമാണ് എന്നാണ് നിഘണ്ടുകര്‍ത്താക്കളും എഴുതിയിട്ടുള്ളത്. ضِيَآءٌ എന്നത് നൂറിനേക്കാള്‍ ശക്തിയേറിയതാണ്. ضِيَآءٌ എന്നും ഊഅ് എന്നുമൊക്കെ സ്വയം പ്രകാശിതമാകുന്നതിന് പറയപ്പെടുന്ന പേരാണ്. എന്നാല്‍ പൊതുവായി മറ്റൊന്നില്‍ നിന്ന് പ്രകാശം സ്വീകരിച്ച് പ്രകാശിതമാകുന്ന പ്രകാശത്തിനാണ് نُوْر എന്ന് പറയു ന്നത്. അല്ലാഹു തന്നെക്കുറിച്ച് പറഞ്ഞു: اَللّٰهُ نُوْرُ السَّمٰوٰتِ وَالْاَرْضِ
ഇതിന്റെ അര്‍ത്ഥമെന്താണ് ? ഇതിന് മുഫസ്സിരീങ്ങള്‍ നല്‍കിയ മറുപടി نُوْر എന്നതിന് ഒരുപാട് അര്‍ത്ഥങ്ങളുണ്ട് എന്നാണ്. نُوْر എന്നാല്‍ ضِيَآءٌ എന്ന അര്‍ത്ഥത്തിലും ഉപയോഗിക്കാറുണ്ട്.

റസൂല്‍ (സ) തിരുമേനിയെക്കുറിച്ച് അല്ലാഹു പറഞ്ഞിരിക്കുന്നത്: وَسِرَاجًا مُّنِيْرًا പ്രകാശിക്കുന്ന വിളക്ക് എന്നാണ്. അതായത് അങ്ങയുടെ പ്രകാശത്തില്‍ നിന്ന് മറ്റുള്ളവരും പ്രകാശിതരാകും. അങ്ങയ്ക്ക് ലഭിച്ച പ്രകാശം അല്ലാഹുവില്‍ നിന്നുള്ളതാണ്. അതായത് ضِيَآءٌ(ഉജ്ജ്വലതേജസ്സ്)ന്റെ ജ്വാലകളെയും نُوْر എന്ന് പറയാറുണ്ട്. സ്വയം പ്രകാശിതമാകുന്ന വസ്തുവിന്റെ നിഴലിനും نُوْر എന്ന് പറയുന്നു. ദൈവികപ്രകാശത്തിന്റെ ജ്വാലകളുടെ നിഴല്‍ തന്നെയാണ് ആത്മീയ ഭൗതിക ജീവിതത്തില്‍ നമുക്ക് കാണാന്‍ സാധിക്കുന്നത്. അല്ലാഹു കനിഞ്ഞരുളിയ പ്രകാശം കൊണ്ട് വീക്ഷിക്കുമ്പോഴാണ് പ്രപഞ്ചത്തെക്കുറിച്ചുള്ള യഥാര്‍ത്ഥജ്ഞാനം ലഭിക്കുന്നത്. എന്തുകൊണ്ടെന്നാല്‍ نُوْر എന്ന് പറയുന്ന ആ പ്രകാശത്തിലൂടെ മറ്റ് വസ്തുക്കളെയും കാണാവുന്നതാണ്. അതുകൊണ്ട് അല്ലാഹുവിന്റെ സത്തയില്‍ ലയിച്ച് കൊണ്ട് ബാഹ്യമായ ദൃഷ്ടിയാല്‍ അല്ലാഹു മനുഷ്യകുലത്തിന്റെ സേവനത്തിനായി തയ്യാറാക്കിയിട്ടുള്ള ആ പ്രകാശത്തെ തിരിച്ചറിയാവുന്നതാണ്. സൂര്യനെയും ചന്ദ്രനെയും ഈ പ്രപഞ്ചത്തിലെ മറ്റെല്ലാ വസ്തുക്കളെയും അല്ലാഹുവിന്റെ പ്രകാശത്തെ മുന്നില്‍വെച്ച്കൊണ്ട് വീക്ഷിക്കുമ്പോഴാണ് അത് യഥാര്‍ത്ഥത്തില്‍ മനസ്സിലാക്കാന്‍ സാധിക്കുക. എന്നാല്‍ ഒരു നിരീശ്വരവാദിയെ സംബന്ധിച്ചേടത്തോളം അയാള്‍ക്ക് ഇതില്‍ ഒരിക്കലും അല്ലാഹുവിനെ കാണാന്‍ സാധ്യമല്ല. എന്നാല്‍ ഒരു സത്യവിശ്വാസിക്ക് എല്ലാ വസ്തുക്കളിലും അല്ലാഹുവിനെ കാണാന്‍ സാധിക്കുകയും അതില്‍ നിന്ന് അവന്‍ അനുഗൃഹീതനാവുകയും ചെയ്യുന്നു. ഇത് അല്ലാഹുവിന്റെ കാരുണ്യമാണ്. പല ശാസ്ത്രജ്ഞന്മാരുടെയും പരിശ്രമങ്ങള്‍ തന്നെ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ദൃഷ്ടാന്തങ്ങളില്‍പ്പെട്ടതാണ്. അവര്‍ക്ക് അല്ലാഹുവിനാല്‍ സൃഷ്ടിക്കപ്പെട്ട ഈ പ്രപഞ്ചത്തിലെ വസ്തുക്കളെക്കുറിച്ച് ഒരു പരിധി വരെ അറിവ് ലഭിക്കുന്നു. ചന്ദ്രന്‍, സൂര്യന്‍, നക്ഷത്രങ്ങള്‍ എന്നിവയില്‍ നിന്ന് നിരീശ്വരവാദിയും പ്രയോജനമുള്‍ക്കൊള്ളുന്നു. എന്നാല്‍ മതവുമായി ബന്ധപ്പെട്ടു ജീവിക്കുന്ന യഥാര്‍ത്ഥ സത്യവിശ്വാസിക്ക് ഖുര്‍ആന്റെ ജ്ഞാനം നല്‍കപ്പെട്ടിരിക്കുന്നു. അതിലൂടെ ആത്മീയവും ഭൗതികവുമായ പ്രയോജനങ്ങള്‍ അവനുണ്ടാകുന്നു. ഖുര്‍ആനില്‍ ചില സ്ഥലങ്ങളില്‍ അല്ലാഹു രണ്ട് വിധത്തിലുള്ള പ്രകാശങ്ങളെക്കുറിച്ചും പറഞ്ഞിരിക്കുന്നു. ഒരു വിധത്തില്‍ ഭൗതികജീവിതത്തിന് അത് മാര്‍ഗ്ഗനിര്‍ദ്ദേശങ്ങള്‍ നല്‍കുന്നതോടൊപ്പം ആത്മീയകാര്യങ്ങളിലേക്കും ശ്രദ്ധയുണ്ടാവുന്നു. പരലോകവുമായി ബന്ധപ്പെട്ട പ്രകാശത്തെക്കുറിച്ച് മുഫ്റദാത്തില്‍ വരുന്നു. ഖുര്‍ആനില്‍ പരലോകവുമായി ബന്ധപ്പെട്ട പ്രകാശത്തെപ്പറ്റി പറയുന്നു

نُوْرُهُمْ يَسْعٰى بَيْنَ
اَيْدِيْهِمْ وَبِاَيْمَانِهِمْ يَقُوْلُوْنَ رَبَّنَآ
اَتْمِمْ لَنَا نُوْرَنَا وَاغْفِرْلَنَا ۚ اِنَّكَ عَلٰى
كُلِّ شَىْءٍ قَدِيْرٌ ۝ (66:9)

അതായത്, അവരുടെ മുന്നിലും വലതുവശത്തും അവരുടെ പ്രകാശം പ്രസരിച്ചുകൊണ്ടിരിക്കും.അവര്‍ പ്രാര്‍ത്ഥിക്കും:"ഞങ്ങ

ളുടെ നാഥാ ഞങ്ങളുടെ പ്രകാശം ഞങ്ങൾക്ക് പൂർത്തീകരിച്ചു തരേണമേ. തീർച്ചയായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്.''

പരലോകവുമായി ബന്ധപ്പെട്ട ഈ പ്രകാശം മരണശേഷം അവർ ദർശിക്കുന്നതാണ്. കഴിഞ്ഞ ഖുത്ബുബയിൽ ചില കാര്യങ്ങൾ പറയാൻ വിട്ടുപോയിരുന്നു. അത്കൊണ്ടാണ് ഞാനിത് വിശദീകരിച്ചത്. ഇനി ഞാൻ കഴിഞ്ഞ ഖുത്ബുബയിൽ കേൾപ്പിച്ചെങ്കിലും വിശദീകരണം നൽകിയിട്ടില്ലാത്ത സൂറ:മാഇദയിലെ തന്നെ ആയത്ത് നിങ്ങളുടെ മുമ്പിൽ വെക്കുകയാണ്. അല്ലാഹു പറയുന്നു:

يَآهَلَ الْكِتٰبِ قَدْ جَآءَكُمْ رَسُوْلُنَا يُبَيِّنُ لَكُمْ كَثِيْرًا مِّمَّا كُنْتُمْ تُخْفُوْنَ مِنَ الْكِتٰبِ وَيَعْفُوْا عَنْ كَثِيْرٍ ۗ قَدْ جَآءَكُمْ مِّنَ اللّٰهِ نُوْرٌ وَّكِتٰبٌ مُّبِيْنٌ ۙ﴿١٦﴾
يَّهْدِىْ بِهِ اللّٰهُ مَنِ اتَّبَعَ رِضْوَانَهٗ سُبُلَ السَّلٰمِ وَيُخْرِجُهُمْ مِّنَ الظُّلُمٰتِ اِلَى النُّوْرِ بِاِذْنِهٖ وَيَهْدِيْهِمْ اِلٰى صِرَاطٍ مُّسْتَقِيْمٍ ﴿١٧﴾

(5:16,17)

അതായത്.ഗ്രന്ഥാനുസാരികളേ, ഗ്രന്ഥത്തിൽ നിന്ന് നിങ്ങൾ മറച്ചുവെച്ചുകൊണ്ടിരുന്ന നിരവധി കാര്യങ്ങൾ നിങ്ങൾക്ക് വെളിപ്പെടുത്തി തരികയും പലകാര്യങ്ങളും നിങ്ങൾക്ക് മാപ്പ് ചെയ്തു തരികയും ചെയ്യുന്ന നമ്മുടെ ദൂതൻ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിന്ന് ഒരു പ്രകാശവും സ്പഷ്ടമായ ഒരു ഗ്രന്ഥവും നിങ്ങൾക്ക് വന്നു കഴിഞ്ഞു.

അല്ലാഹു അത് മുഖേന തന്റെ പ്രീതിയെ പിൻപറ്റിയവരെ രക്ഷാമാർഗ്ഗത്തിലേക്ക് വഴികാണിക്കുന്നതാണ്.തന്റെ അനുമതിയനുസരിച്ച് അവൻ അവരെ (പലതരത്തിലുള്ള) അന്ധകാരങ്ങളിൽ നിന്നും പുറത്ത് കൊണ്ടു വന്ന് പ്രകാശത്തിലേക്ക് നയിക്കുകയും ചൊവ്വായ മാർഗ്ഗത്തിലേക്ക് വഴി നടത്തുകയും ചെയ്യുന്നതാണ്.

മുൻകഴിഞ്ഞ ഗ്രന്ഥങ്ങളിൽ അവരുടെ പിൻഗാമികൾ മാറ്റം വരുത്തിയതോ മറച്ചുവെച്ചതോ ആയ കാര്യങ്ങൾ വെളിപ്പെടുത്തപ്പെട്ടിരുന്നില്ല. അവയെക്കുറിച്ച് അല്ലാഹു അറിയിച്ചു. അല്ലാഹുവിൽ നിന്ന് അറിയിപ്പ് ലഭിച്ചുകൊണ്ട് ഹദ്റത്ത് റസൂൽ തിരുമേനി (സ) വീണ്ടും ആ കാര്യങ്ങൾ ജനങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു എന്ന് മാത്രമല്ല, അതിൽ പുതിയ ഒരുപാട് അദ്ധ്യാപനങ്ങളും കൽപ്പനകളുമുണ്ട്. അത് റസൂൽ തിരുമേനി (സ)യിലൂടെയാണ് ലോകത്തിന് മുമ്പിൽ സമർപ്പിക്കപ്പെട്ടത്. അല്ലാഹുവുമായുള്ള സുദൃഢമായ ബന്ധത്തിനും ആത്മീയപുരോഗതിക്കുമായി നൂതനവും വ്യാപ്തിയേറിയതുമായ ഒരുപാട് മാർഗ്ഗങ്ങൾ തുറക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ അദ്ധ്യാപനങ്ങളെല്ലാം മനുഷ്യപ്രകൃതിക്ക് അനുസൃതമായവയാണ്. അതിൽ യാതൊരു തിരുത്തലുകളും ഇല്ല. പാശ്ചാത്യനോ പൗരസ്ത്യനോ അല്ലാത്ത ഒരു നബിയാണ് ഈ അദ്ധ്യാപനങ്ങളുമായി വന്നിരിക്കുന്നത്. പരിപൂർണ്ണമായ അദ്ധ്യാപനമാണ് ഇസ്‌ലാം സമർപ്പിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു:

ഓരോ വെളിപാടും ദൈവനിയോഗിതനായ നബിയുടെ പ്രകൃതിയനുസരിച്ചാണ് ഇറങ്ങുന്നത്. ഉദാഹരണത്തിന് ഹദ്റത്ത് മൂസാ (അ)ന്റെ പ്രകൃതത്തിൽ തേജസ്സും കോപവുമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ തേജസ്സുറ്റ ഒരു നിയമസംഹിതയാണ് അദ്ദേഹത്തിന് അവതരിച്ചത്. മസീഹ് (അ)ന്റെ പ്രകൃതം നിർമ്മലമായിരുന്നു. അത്കൊണ്ട് തന്നെ ഇഞ്ചീലിന്റെ അദ്ധ്യാപനങ്ങളും മൃദുലമേറിയതാണ്. എന്നാൽ നബി(സ)തിരുമേനിയുടെ പ്രകൃതം വളരെ ഉന്നതമായ സ്ഥിരചിത്തതയിൽ അധിഷ്ഠിതമാണ്. കാഠിന്യത്തിന്റെ ആധിക്യമോ ആവശ്യത്തിലേറെ മൃദുലതയോ അതിലില്ല. എല്ലാ സ്ഥലങ്ങളിലും മൃദു വായ സമീപനം അങ്ങ് ഇഷ്ടപ്പെട്ടിരുന്നില്ല, കാഠിന്യവും പ്രത്യേകഘട്ടങ്ങളിൽ മാത്രം. എപ്പോഴും ഋജുവായ മാർഗ്ഗമാണ് അങ്ങ് അവലംബിച്ചുപോന്നത്.പറയുന്നു: അവസരോചിതമായ രീതിയിൽ അനുഗ്രഹീതമായ സമീപനങ്ങളാണ് അങ്ങയിൽ നിന്നുണ്ടായത്. അതുകൊണ്ട് തന്നെ ഖുർആന്റെ അവതരണവും ഇതേ അവസ്ഥയിലായിരുന്നു. അത് കാഠിന്യത്തിന്റെയും കാരുണ്യത്തിന്റെയും ഭയത്തിന്റെയും സഹതാപത്തിന്റെയും മൃദുലതയുടെയും സംഗമമെന്ന് പറയാം. നോക്കുക ഖുർആന്റെ ഓരോ അദ്ധ്യാപനവും അവസരോചിതമായ രീതിയിൽ കാണാവുന്നതാണ്. ഉദാഹരണത്തിന് അല്ലാഹു ഒരു സ്ഥലത്ത് പറയുന്നു.

وَجَزٰٓؤُا سَيِّئَةٍ سَيِّئَةٌ مِّثْلُهَا ۚ فَمَنْ عَفَا وَاَصْلَحَ فَاَجْرُهٗ عَلَى اللّٰهِ

(42:41)

അതായത്, തിന്മയ്ക്കുള്ള പ്രതിഫലം തത്തുല്ല്യമായ തിന്മയാണ്. എന്നാൽ വല്ലവനും മാപ്പ് ചെയ്യുകയും (അതു മുഖേന) നന്മ വരുത്തുകയും ചെയ്യുന്നതായാൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെയടുക്കലാണ്.

ഇസ്‌ലാമിന്റെ തനതായ അദ്ധ്യാപനമാണ് നബി (സ) തിരുമേനിക്ക് അവതരിച്ചത്. തെറ്റായ പ്രവണതകൾക്കുള്ള ശിക്ഷകൊണ്ടുള്ള ഉദ്ദേശ്യം സ്വഭാവസംസ്ക്കരണമാണ്. എന്നാൽ മാപ്പ് ചെയ്തുകൊടുത്താൽ നന്നാകുമെങ്കിൽ, സ്വഭാവശുദ്ധീകരണം നടക്കുമെങ്കിൽ മാപ്പ് നൽകുകയാണ് വേണ്ടത്. ശിക്ഷ തന്നെയാണ് സംസ്ക്കരണത്തിനാവശ്യമെങ്കിൽ ശിക്ഷയാണ് നൽകേണ്ടത്. ശിക്ഷ എന്നത് ചെയ്ത ദുഷ്പ്രവൃത്തിക്ക് യോജിച്ചതായിരിക്കണം ഒരിക്കലും യാതൊരു വിധ അനീതിയും പാടുള്ളതല്ല. ഇസ്‌ലാമിക അദ്ധ്യാപനം വലത് കരണത്ത് പ്രഹരമേറ്റു വാങ്ങി ഇടത് കരണവും കാണിച്ചുകൊടുക്കുക എന്നല്ല. കണ്ണിന് പകരം കണ്ണ് എന്നതും ഇസ്‌ലാമിക അദ്ധ്യാപനമല്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: നോക്കുക, ഈ വചനത്തിൽ രണ്ട് കാര്യങ്ങളാണ് മുന്നോട്ട് വെച്ചിരിക്കുന്നത്. വിട്ടുവീഴ്ച്ചയും പ്രതികാരവും അവസരോചിതമായ രീതിയിലാണ് പ്രകടിപ്പിക്കേണ്ടത്. ആഗോള വ്യവസ്ഥിതി തന്നെ ഈ അദ്ധ്യാപനത്തിനനുസരിച്ചാണ് നിലകൊള്ളുന്നത്. നിങ്ങൾക്കായി വന്ന പ്രവാചകൻ നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന നൂതനവും പുരാതനവുമായ എല്ലാ കാര്യങ്ങളും നിങ്ങളുടെ മുമ്പിൽ തുറന്നു വെച്ചിരിക്കുന്നു.

അല്ലാഹു പറയുന്നു. قَدْ جَآءَكُمْ مِّنَ اللّٰهِ نُوْرٌ وَّكِتٰبٌ مُّبِيْنٌ ۙ﴿١٦﴾

തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിന്ന് ഒരു പ്രകാശവും സ്പഷ്ടമായ ഒരു ഗ്രന്ഥവും നിങ്ങൾക്ക് വന്നു കഴിഞ്ഞു.

ഇവിടെ പരാമർശിക്കപ്പെട്ട പ്രകാശം നബി (സ) തിരുമേനിയുടെ വ്യക്തിത്വമാണ് എന്ന് നമുക്കറിയാം. ഉദാഹരണസഹിതം ഞാനത് പറഞ്ഞിരുന്നു. അതായത് റസൂൽ (സ) തിരുമേനിയെക്കുറിച്ച് അല്ലാഹു وَسِرَاجًا مُّنِيرًا പ്രകാശിക്കുന്ന വിളക്ക് എന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങയിലൂടെ തന്നെയാണ് ദൈവികപ്രകാശം കൂടുതൽ പ്രകാശപൂരിതമാകുന്നത്. അങ്ങയിലൂടെയല്ലാതെ ആർക്കും ആ പ്രകാശം കരസ്ഥമാക്കാൻ സാധിക്കുന്നതല്ല. റസൂൽ (സ) തിരുമേനിയുടെ പ്രവചനങ്ങൾക്കനുസരിച്ചും അല്ലാഹുവിന്റെ വാഗ്ദാനപ്രകാരവും അവസാനകാലഘട്ടത്തിൽ ഏറ്റവുമധികം ആ പ്രകാശം കരസ്ഥമാക്കേണ്ടത് മസീഹ്, മഹ്ദി എന്നീ പദവികളിൽ അലങ്കരിക്കപ്പെട്ടയാളാണ്. ഇക്കാരണം കൊണ്ട് തന്നെ അദ്ദേഹം ഉമ്മത്തീ നബി എന്ന പദവിയിൽ വിഭൂഷിതനായി. എന്തുകൊണ്ടെന്നാൽ, ദൈവനിയോഗിതനായ പരിപൂർണ്ണമനുഷ്യനും ശ്രേഷ്ഠപ്രവാചകനും പ്രകാശിക്കുന്ന വിളക്കും നുബുവ്വത്തിന്റെ മുദ്രയുമായ ആൾ ആരുമായിട്ടാണോ ബന്ധിപ്പിക്കപ്പെടുന്നത് അയാൾ ദൈവികപ്രകാശത്താൽ നിറയ്ക്കപ്പെടുന്നു. റസൂൽ തിരുമേനി (സ)ന്റെ ശ്രേഷ്ഠപ്രവാചകത്വം ദൈവികപ്രകാശത്തെ ഇല്ലായ്മ ചെയ്യാനുള്ളതല്ല. ആ പ്രകാശത്തെ കൂടുതൽ ജ്വലിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടിയാണ്. ഇതാണ് നുബുവ്വത്തിന്റെ ശ്രേഷ്ഠത. പ്രകാശത്തെ അത്യുന്നതിയിലെത്തിക്കുന്ന ആത്മീയപ്രകാശമാണത്. അല്ലാഹുവിന്റെ വാഗ്ദാനപ്രകാരം ഈ പ്രകാശം ഖുർആനെന്ന സ്പഷ്ടമായ ഗ്രന്ഥമാണ്. അതുകൊണ്ട് ഖുർആനെന്ന പരിപൂർണ്ണ നിയമസംഹിതയല്ലാതെ മറ്റൊരു ശരീഅത്തും ഇറക്കപ്പെടുന്നതല്ലായെന്ന് അഹ്മദികൾ വിശ്വസിക്കുന്നു.അതായത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ രണ്ട് കാര്യങ്ങൾ അതായത് നബി(സ)തിരുമേനിയുടെയും ഖുർആന്റെയും പ്രകാശത്തെക്കുറിച്ച് തന്റെ കവിതാ ശകലത്തിൽ ഇപ്രകാരം പറയുന്നു:

*നൂർ ലായേ ആസ്മാൻസെ ഖുദ് ഭി വൊ ഇക്ക് നൂർ തെ*
*ഖൗമെ വഹ്ശീ മെം അഗർ പൈദാ ഹുവേ ക്യാ ജായെ ആർ.*

നിരക്ഷരും മൃഗതുല്ല്യരുമായി ജീവിക്കുന്നവരുടെ സമൂഹത്തിലുള്ള ഒരാൾ പ്രവാചകനെന്ന് വാദിക്കുന്നു. സ്വയം നിരക്ഷരനാണ് എന്നാണ് ശത്രുക്കൾ ആരോപണമെന്ന നിലയിൽ ഉന്നയിക്കാറുള്ളത്.

പറയുന്നു: എന്നാൽ ഇത് അങ്ങയുടെ മേലുള്ള ആരോപണമല്ല. ഇത് അങ്ങയുടെ പദവി ഉയർത്തുകയാണ് ചെയ്യുന്നത്. ആകാശത്തിൽ നിന്ന് പരിപൂർണ്ണമായ പ്രകാശം കൊണ്ടുവരികയും തൽഫലമായി മൃഗതുല്ല്യരായി ജീവിച്ചവരെ മനുഷ്യരും പിന്നെ ഉന്നതസ്വഭാവഗുണമുള്ളവരും ദൈവിക ഗുണങ്ങളുള്ളവരുമാക്കിത്തീർത്തു. മൃഗതുല്ല്യരായ ആ സമൂഹം ഈ പ്രകാശം സ്വീകരിക്കുകയും വിശുദ്ധ ഖുർആന്റെ അദ്ധ്യാപങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തപ്പോൾ ലോകത്തിലെ ഏറ്റവും ഉന്നത സംസ്ക്കാരസമ്പന്നരായി മാറി. യൂറോപ്പ് ഇന്ന് വൈജ്ഞാനിക മേഖലയിൽ മുന്നിലാണ്. എന്നാൽ റസൂൽ (സ) തിരുമേനിയിൽ നിന്നും ഖുർആനിൽ നിന്നും പ്രകാശിതരായവർ ആയിരം വർഷങ്ങൾക്ക് മുമ്പ് തന്നെ വൈജ്ഞാനിക മേഖലയിൽ ശ്രദ്ധ പിടിച്ചുപറ്റി. അവരിൽ നിന്നാണ് യൂറോപ്യൻമാർ വിജ്ഞാനം കരസ്ഥമാക്കിയത്. ആത്മീയ പ്രകാശത്തിന് മാത്രമല്ല ഭൗതികപുരോഗതിയുടെ കാര്യത്തിലും അവർ പ്രകാശം വിതറുന്ന മിനാരങ്ങളായി. ഇന്ന് മുസ്ലിംകൾ ചിന്തിക്കേണ്ടിയിരിക്കുന്നു. മുഴുലോകത്തെയും പ്രകാശപൂരിതമാക്കിയ ആ പ്രകാശം ഭൗതിക ജ്ഞാനമായാലും ആത്മീയ ജ്ഞാനമായാലും അത് എന്തു കൊണ്ടാണ് മുസ് ലിംകളിൽ നിന്ന് വ്യാപിക്കാത്തത്? റസൂൽ (സ) തിരുമേനി തന്റെ പിൻഗാമികളിൽ അത് രൂഢമൂലമാക്കിയിരുന്നു. അല്ലാഹുവിനെയും റസൂലിനെയും ഖുർആനെയും പിൻപറ്റുന്നവരെന്ന വാദമുണ്ടെങ്കിൽ പിന്നെന്തുകൊണ്ടാണ് ആ പ്രകാശം കാണാതെ പോകുന്നത്? ഈ കാലഘട്ടത്തിൽ ഏതൊരാളാണോ ആ പ്രകാശത്തിന്റെ പ്രതിഛായയാകേണ്ടത് അദ്ദേഹത്തെ നിഷേധിക്കുന്നു എന്നതാണ് തീർത്തും പ്രകടമായ കാര്യം. ഇവിടെ അഹ്മദികളും ചിന്തിക്കേണ്ടിയിരിക്കുന്നു. തങ്ങൾ ആ പ്രകാശത്തിൽ വിശ്വസിക്കുന്നു എന്ന് പറഞ്ഞത് കൊണ്ട് മാത്രം ആ പ്രകാശം കരഗതമാക്കാൻ സാധിക്കുന്നതല്ല. ഖുർആനിക പ്രകാശത്തിനായി ആ പരിപൂർണ്ണ മനുഷ്യന്റെ സത്യസന്ധനായ പ്രേമിയുടെ അദ്ധ്യാപനങ്ങളെപ്പറ്റിയും ഖുർആനിക വിശദീകരണങ്ങളെക്കുറിച്ചും ചിന്തിക്കുകയും അത് തങ്ങളിൽ പ്രാവർത്തികമാക്കുകയും ചെയ്യേണ്ടതാവശ്യമാണ്. ഭൗതികതയിൽ മുഴുകിക്കൊണ്ട് ഈ പ്രകാശത്തെ അന്വേഷിക്കാതിരിക്കുക. ഖുർആന്റെ ആഴങ്ങളിലിറങ്ങി മുത്തുകളും പവിഴങ്ങളും ശേഖരിക്കുക എന്നതാണ് അഹ്മദികളുടെ കർത്തവ്യം. ലോകജനതയെ ഈ പ്രകാശത്തിലേക്ക് നാം ആനയിക്കേണ്ടിയിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ അറബികവിതയിൽ റസൂൽ (സ) യുടെ പ്രകാശത്തെ ഇപ്രകാരമാണ് വർണ്ണിച്ചിരിക്കുന്നത്:

*നൂറും മിനല്ലാഹില്ലദീ അഹ്യൽ ഉലൂമ തജദ്ദുദാ,*
*അൽ മുസ്തഫാ വൽ മുജ്തബാ വൽ മുഖ്തദാ വൽമുജ്തദാ*

അതായത്, നബി (സ) എന്ന ദൈവിക പ്രകാശത്താൽ ജ്ഞാനവിജ്ഞാനങ്ങൾ പുനർജനിച്ചിരിക്കുന്നു. അങ്ങ് തിരഞ്ഞെടുക്കപ്പെട്ടവനാണ്. അങ്ങയെയാണ് പിൻപറ്റേണ്ടത്. അനുഗ്രഹങ്ങളത്രയും അങ്ങയിൽ നിന്നാണ്.ദൈവിക ജ്ഞാനങ്ങളുടെ ഖജനാവ് തന്നെ റസൂൽ തിരുമേനി (സ) യും വിശുദ്ധ ഖുർആനുമാണ്. എന്നാൽ ഇത് മനസ്സിലാക്കാനായി നാം സ്വയം പ്രകാശിതരാവേണ്ടിയിരിക്കുന്നു. അത് ഈ കാലഘട്ടത്തിൽ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) മായിട്ടാണ് ബന്ധിപ്പിച്ചിരിക്കുന്നത്. ഈ പ്രകാശം കരസ്ഥമാക്കാൻ സൗഭാഗ്യം ലഭിച്ചവർ അദ്ദേഹത്തിന്റെ കയ്യിൽ ബൈഅത്ത് ചെയ്തവരാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) തനിക്ക് ഈ പദവികൾ എങ്ങനെ കരസ്ഥമായി എന്നതിനെക്കുറിച്ച് പറയുന്നു:

ഞാൻ എപ്പോഴും അത്ഭുതദൃഷ്ടികളോടെയാണ് നോക്കിക്കാണുന്നത്. മുഹമ്മദ് എന്ന് പേരുള്ള ഈ അറബി പ്രവാചകൻ (ആയിരമായിരം സ്തോത്രങ്ങൾ അദ്ദേഹത്തിന്റെ മേൽ വർഷിക്കുമാറാകട്ടെ.) എത്രമേൽ ഉൽകൃഷ്ട പദവിയാർന്ന നബിയാണ് ! അദ്ദേഹത്തിന്റെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുവാൻ ആർക്കും സാദ്ധ്യമല്ല തന്നെ. അവിടുത്തെ ദിവ്യശക്തിപ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. അഹോ കഷ്ടം, അങ്ങയുടെ യഥാർത്ഥ പദവി അതർഹിക്കും വിധം അംഗീകരിക്കപ്പെടുന്നില്ല. ലോകത്ത് നിന്ന് തികച്ചും അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്ന ആ തൗഹീദ് (ഏകദൈവ വിശ്വാസം) വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ടുവന്ന വീരാത്മാവ് അദ്ദേഹമത്രെ. തിരുനബി (സ) അല്ലാഹുവിനോട് അങ്ങേയറ്റത്തെ സ്നേഹം പുലർത്തി. മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപ്പണം ചെയ്തു. അദ്ദേഹത്തിന്റെ ഹൃദയരഹസ്യം അറിഞ്ഞിരുന്ന അല്ലാഹു മുമ്പുള്ളവരും പിമ്പുള്ളവരുമായ സകല പ്രവാചകന്മാരെക്കാളും ശ്രേഷ്ഠത്വം അദ്ദേഹത്തിന് നൽകുകയും അദ്ദേഹത്തിന്റെ എല്ലാ ആഗ്രഹങ്ങളും ഉദ്ദേശ്യങ്ങളും അദ്ദേഹ

ത്തിന്റെ ജീവിതത്തിൽ തന്നെ അദ്ദേഹത്തിന് സാധിച്ചു കൊടുക്കുകയും ചെയ്തു. എല്ലാ നന്മകളുടെയും ഉറവിടം അവിടുന്ന് മാത്രമാണ്. അവിടുത്തെ ഔദാര്യവും അനുഗ്രഹവും ഇല്ലാതെ തനിക്ക് ആത്മീയാനുഗ്രഹം ലഭിച്ചു എന്നാരെങ്കിലും വാദിക്കുകയാണെങ്കിൽ അയാൾ മനുഷ്യനല്ല, പിശാചിന്റെ സന്തതിയാണ്. കാരണം എല്ലാ നന്മകളുടെയും താക്കോൽ അദ്ദേഹത്തിന് നൽകപ്പെട്ടിരിക്കുന്നു. എല്ലാ ദൈവികജ്ഞാനങ്ങളുടെയും ഖജനാവ് അദ്ദേഹത്തിന് ലഭ്യമായിരിക്കുന്നു. അദ്ദേഹത്തിൽ നിന്ന് ഈ അനുഗ്രഹം ലഭിക്കാത്തയാൾ നഷ്ടപ്പെട്ടയാളാണ്. നാമെന്ത്, നമ്മുടെ യാഥാർത്ഥ്യമെന്ത്? യഥാർത്ഥത്തിലുള്ള ഏകദൈവം നമുക്ക് ആ പുണ്യാത്മാവിൽ നിന്നാണ് ലഭ്യമായിരിക്കുന്നതെന്നും, ദൈവത്തെ കണ്ടറിയാനുള്ള ഭാഗ്യം ആ പരിപൂർണ്ണ പ്രവാചകൻ മൂലവും അവിടുത്തെ ആത്മീയപ്രകാശം വഴിയും ആണ് നമുക്ക് ലഭിച്ചിരിക്കുന്നതെന്നുമുള്ള യാഥാർത്ഥ്യം ഏറ്റു പറയുന്നില്ലെങ്കിൽ നാം അവന്റെ അനുഗ്രഹങ്ങളെ നിഷേധിക്കുന്നവരായിരിക്കും. അല്ലാഹുവിന്റെ മുഖാരവിന്ദം ദർശിക്കുവാനുള്ള ഭാഗ്യവും അവന്റെ മധുരഭാഷണം ലഭിക്കുവാനുള്ള ബഹുമതിയും നമുക്ക് ആ പുണ്യാത്മൻ (സ) മുഖേനയാണ് ലഭിച്ചിരിക്കുന്നത്. ആ ഹിദായത്തിന്റെ സൂര്യനിൽ നിന്നുള്ള പ്രകാശകിരണങ്ങൾ നമ്മിൽ പതിച്ചുകൊണ്ടിരിക്കുന്നു. ആ പ്രകാശത്തിന് നേരെ നിന്നാൽ മാത്രമേ നമുക്ക് പ്രകാശിതരാകാൻ സാധിക്കുകയുള്ളൂ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ഉദ്ധരണിയിൽ നിന്ന് നബി (സ) തിരുമേനിയുടെ പദവിയെക്കുറിച്ച് അങ്ങയ്ക്കുള്ള അവബോധം മനസ്സിലാക്കാവുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അവഹേളിക്കുന്നവരുടെ അവഹേളനങ്ങൾക്ക് സ്ഥാനമില്ല. കാരണം റസൂൽ തിരുമേനിയിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് അങ്ങയ്ക്ക് ഒരു സ്ഥാനവുമില്ലെന്ന് പറഞ്ഞിരിക്കുന്നു. ആ സന്മാർഗസൂര്യന് സമീപം നിന്നാൽ മാത്രമേ ആ പ്രകാശത്തിൽ നിന്ന് അനുഗൃഹീതരാവുകയുള്ളൂ. എന്തെന്നാൽ അങ്ങയെ وَسِرَاجًا مُّنِيرًا പ്രകാശിക്കുന്ന വിളക്ക് എന്ന് പറഞ്ഞിരിക്കുന്നു. സൂറ മാഇദയിലെ 17ാമത്തെ ആയത്തിൽ അല്ലാഹു പറയുന്നത് രണ്ട് തരത്തിലുള്ള പ്രകാശങ്ങളായ നബി (സ) തിരുമേനിയേയും ഖുർആനെയും പറ്റി അല്ലാഹു വിധിയെഴുതിയിരിക്കുന്നു എന്നാണ്. ഈ രണ്ട് പ്രകാശങ്ങളിൽ നിന്ന് മാത്രമേ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ സാധിക്കുകയുള്ളൂ. ഈ രണ്ട് കാര്യങ്ങളാണ് മനുഷ്യനെ ഉന്നതങ്ങളിലെത്തിക്കുന്നത്. ഇതാണ് ദൈവപ്രീതിക്ക് ആവശ്യമായ മാർഗ്ഗങ്ങൾ. രക്ഷാമാർഗ്ഗങ്ങൾ എന്നാൽ എന്താണ്? മനുഷ്യനെ സുരക്ഷിതനായി അല്ലാഹുവിലേക്കെത്തിക്കുന്ന മാർഗ്ഗങ്ങളാണവ. എന്നാൽ എല്ലാ വഴികളിലും ശൈത്താനിൽ നിന്ന് രക്ഷപ്പെട്ടു കൊണ്ട് മുന്നേറുക എന്നതാണ് ഉത്തമമായ വഴി. തൽഫലമായി അവൻ പ്രകാശപൂരിതനാകുന്നു. എപ്പോഴും സന്മാർഗ്ഗം പ്രാപിച്ച് അവന്റെ തൃപ്തിയുടെ വഴികൾ അന്വേഷിക്കുന്നവർക്കാണ് ആ രക്ഷാമാർഗ്ഗങ്ങൾ ലഭിക്കുന്നത്. അവരുടെ കാലടികൾ അന്ധകാരത്തിൽ നിന്ന് പുറത്ത് കടന്ന് പ്രകാശത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്നു. അവർ നേരായ മാർഗ്ഗത്തിലൂടെ മുന്നോട്ട് നീങ്ങുന്നു. അല്ലാഹുവിൽ നിന്നും അവന്റെ റസൂൽ(സ)തിരുമേനിയിൽ നിന്നും ഗ്രന്ഥത്തിൽ നിന്നും അനുഗൃഹീതരാവാനും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനുമായി ഇവരുമായി തങ്ങളെ ബന്ധിപ്പിക്കേണ്ടതാവശ്യമാണ്. അല്ലാഹുവിന്റെ തൃപ്തിയുടെ ഉന്നതമായ മാതൃക റസൂൽ (സ) തിരുമേനിക്ക് ശേഷം അങ്ങയുടെ സ്വഹാബത്ത് കാണിക്കുകയുണ്ടായി. അങ്ങ് തന്റെ ശിക്ഷണപാടവം കൊണ്ടും ദിവ്യശക്തിപ്രഭാവം കൊണ്ടും അവരെ പരിവർത്തനവിധേയരാക്കി. അവർ അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് മാത്രമല്ല വന്നത്. അവർ റളിയല്ലാഹു അൻഹും എന്ന സ്ഥാനം കരസ്ഥമാക്കി. റസൂൽ (സ) തിരുമേനിയുടെ സഹാബാക്കളും ഈ പ്രകാശത്താൽ പൂരിതമാക്കപ്പെട്ട് നമുക്ക് ഉത്തമമായ മാതൃകയാണ് കാണിച്ചത്. അവരെക്കുറിച്ച് നബി (സ) തിരുമേനി പറഞ്ഞു: അവർ നിങ്ങൾക്ക് ഇരുട്ടിൽ വഴികാണിച്ച് തരുന്ന നക്ഷത്രങ്ങളെപ്പോലെയാണ്. ഇവർ ഋജുവായ മാർഗ്ഗത്തിലൂടെ ചരിച്ചു കൊണ്ട് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായി മാറുകയും ചെയ്തു. റസൂൽ (സ) തിരുമേനിയിൽ നിന്ന് നേരിട്ട് അനുഗ്രഹം കരസ്ഥമാക്കിയ അവർ എത്ര വലിയ ഭാഗ്യവാന്മാരാണ് ! അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് അവർ അതിവേഗം മുന്നേറിക്കൊണ്ടിരുന്നു. അങ്ങനെ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായി മാറി. അല്ലാഹു തന്റെ വാഗ്ദാനപ്രകാരം അവസാന കാലഘട്ടത്തിൽ നബി (സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമിയെ അയക്കുകയും അദ്ദേഹത്തെ പ്രിയ യജമാനൻ (സ) തിരുമേനിയുടെ പ്രകാശത്തിന്റെ പ്രതിഛായയാക്കുകയും ചെയ്തു.

മസീഹ് മൗഊദ് (അ)ഒരു കവിതാശകലത്തിൽ പറയുന്നു:

*മുസ്തഫാ പർ തേരാ ബേഹദ് ഹോ സലാം ഔർ റഹ്മത്ത്,*
*ഉസ് സെ യെ നൂർ ലിയാ ബാറെ ഖുദായാ ഹംനെ,*

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് ഈ പ്രകാശം അധികമായി ലഭിച്ചപ്പോൾ അങ്ങയിൽ നിന്ന് നേരിട്ട് അനു ഗൃഹീതരായവരും തങ്ങ ളുടെ ഹൃദയങ്ങൾ പ്രകാശപൂരിതമാക്കിക്കൊണ്ട് നേരായ മാർഗ്ഗത്തിൽ ഉറച്ചു നിന്നു. അവരും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരും തൗഹീദിനെ നിലനാട്ടുന്നവരുമായിമാറി. അല്ലാഹു നേരായ മാർഗ്ഗത്തിലൂടെ ചരിക്കാനായി നമുക്ക് പഠിപ്പിച്ചുതന്ന ദുആ മുഖേന നമ്മുടെ കഴിവുകൾക്കനുസരിച്ച് ഈ പ്രകാശം കരഗതമാക്കാൻ പരിശ്രമിക്കേണ്ടിയിരിക്കുന്നു. മസീഹ് മൗഊദ് (അ) പറഞ്ഞതും അത് തന്നെയാണ്. ഓരോരുത്തർക്കും അവരുടെ കഴിവുകൾക്കനുസരിച്ചാണ് പ്രകാശം ലഭിക്കുന്നത്. അത് ചിലർക്ക് കുറവും ചിലർക്ക് കൂടുതലുമായിരിക്കും. എന്നാൽ അത് ലഭിക്കും എന്നത് സുനിശ്ചിതമാണ്. ഓരോ സത്യവിശ്വാസിയും അതിൽ നിന്ന് പ്രയോജനമുൾക്കൊള്ളുന്നു. അല്ലാഹു ആരിലും അവരുടെ ശക്തിക്കതീതമായ ഭാരം ഇടാറില്ല. അതുകൊണ്ട് എല്ലാവർക്കും ആ ഉന്നതമായ പദവികൾ ലഭിച്ചുകൊള്ളണമെന്നില്ല. എന്നാൽ പരിശ്രമി ക്കാനായി കൽപ്പിച്ചിരിക്കുന്നു. തന്റെ കഴിവുകൾക്കനുസൃതമായ ശ്രമമാണ് നടത്തേണ്ടത്. അങ്ങനെ നേരായ മാർഗ്ഗത്തിലേക്ക് അല്ലാഹു നയിക്കുന്നു. അതിന്നായി അവൻ നമുക്ക് ദുആ പഠിപ്പിച്ചു തന്നു. ഓരോ നമസ്കാരത്തിന്റെയും എല്ലാ റക്അത്തുകളിലും നാമത് പാരായണം ചെയ്യുന്നു. എന്നാൽ ആ ഋജുവായ മാർഗ്ഗത്തിൽ ഉറച്ചു നിൽക്കാൻ പരിശ്രമം അനിവാര്യമാണ്. അപ്പോഴാണ് അല്ലാഹുവിൽ നിന്നും നബി (സ) തിരുമേനിയിൽ നിന്നും ഖുർആനിൽ നിന്നും അനുഗ്രഹങ്ങൾ ലഭിക്കുക. ഇതിന്നായി പരിശ്രമിക്കുന്നവരെ അല്ലാഹു നേരായ മാർഗ്ഗത്തിലൂടെ നയിക്കുകയും അനുഗ്രഹങ്ങൾ നൽകിക്കൊണ്ടിരിക്കുകയും ചെയ്യും. സ്വിറാത്തെ മുസ്തഖീം എന്നാൽ എന്താണ്?

മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു:

സ്വിറാത്തെ മുസ്തഖീം എന്നത് സത്യത്തിലധിഷ്ടിതമാണ്. അത് മൂന്ന് വിധമാണുള്ളത്. 1. ഇൽമീ (വൈജ്ഞാനികം) 2.അമലീ

(പ്രാവർത്തികം) 3.ഹാലി(അവസ്ഥാപരം). ഇത് മൂന്നും മൂന്നു വിധത്തിൽ വേറെയുമുണ്ട്. ഇൽമി (വൈജ്ഞാനികത്തിൽ) ഹഖുല്ലാ (അല്ലാഹുവിനോടുള്ള കടമകൾ) ഹഖുൽ ഇബാദ് (സമസൃഷ്ടികളോടുള്ള കടമകൾ) ഹഖുന്നഫ്സ് (സ്വന്തം ആത്മാവിനോടുള്ള കടമകൾ) തിരിച്ചറിയുക എന്നതാണ്.സ്വിറാത്തെ മുസ്തഖീമിന്റെ വൈജ്ഞാനികമായ വശം അല്ലാഹുവിനോടുള്ള കടമകളെക്കുറിച്ച് അന്വേഷിക്കുക, സമസൃഷ്ടികളോടുള്ള കടമകൾ തിരിച്ചറിയുക, സ്വന്തം ആത്മാവിന് ചെയ്യേണ്ടുന്ന കടമകൾ തിരിച്ചറിയുക എന്നതാണ്. സ്വിറാത്തെ മുസ്തഖീമിന്റെ അമലിയിൽ (പ്രാവർത്തികത്തിൽ) അല്ലാഹുവിനോടുള്ള കടമകൾ തിരിച്ചറിഞ്ഞ ശേഷം പ്രവർത്തനവിധേയമാക്കുക എന്നാണ്. അവനെ ഏകനായി കാണുക എന്നതാണ് വൈജ്ഞാനികമായ കടമ. അവനെ സകല കൃപാവായ്പുകളുടെയും ഉറവിടവും സർവ്വഗുണങ്ങളുടെയും മടക്കസ്ഥാനമായും മനസ്സിലാക്കുക. അവൻ എല്ലാ ന്യൂനതകളിൽ നിന്നും കുറവുകളിൽ നിന്നും അതീതനാണെന്നും സവിശേഷഗുണങ്ങളെല്ലാം അടങ്ങിയവനാണെന്നും ആരാധനയ്ക്കർഹനാണെന്നും മനസ്സിലാക്കുകയും അവനിൽ തന്നെ ഒതുക്കി നിർത്തുകയും ചെയ്യുക. ഇത് അല്ലാഹുവിനോടുള്ള കടമയിൽ സ്വിറാത്തെ മുസ്തഖീമിന്റെ വൈജ്ഞാനികമായ അവസ്ഥയാകുന്നു. പ്രാവർത്തികമായ സ്വിറാത്തെ മുസ്തഖീം എന്നാൽ അവനോടുള്ള അനുസരണം ആത്മാർത്ഥതയോടു കൂടി നിറവേറ്റുക എന്നാണ്. അനുസരണത്തിൽ അവനോട് ആരേയും പങ്ക് ചേർക്കാതിരിക്കുക. തന്റെ നന്മയ്ക്കായി അവനോടു തന്നെ ദുആ ചെയ്യുക. അവനിൽ ദൃഷ്ടി വെയ്ക്കുക. അവനോടുള്ള സ്നേഹത്തിൽ ലയിക്കുക. ഇതാണ് പ്രാവർത്തികമായ സ്വിറാത്തെ മുസ്തഖീം. കാരണം ഇത് തന്നെയാണ് സത്യം. സമ സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിൽ വൈജ്ഞാനികമായ സ്വിറാത്തെ മുസ്തഖീം എന്ന് പറയുന്നത് അവരെ മനുഷ്യകുലമായി വിചാരിക്കുകയും അവരും തങ്ങളെപ്പോലുള്ള മനുഷ്യരാണ്, തങ്ങൾക്കും അവർക്കും തമ്മിൽ വ്യത്യാസമില്ല. അവരും അല്ലാഹുവിന്റെ സൃഷ്ടിയാണ് എന്ന് മനസ്സിലാക്കുകയും അവർ ഒന്നുമല്ലാത്തവരും ഒന്നിനും കൊള്ളാത്തവരുമായി ധരിക്കുകയും ചെയ്യുക എന്നതാണ്. കാരണം സൃഷ്ടികളെ സംബന്ധിച്ചുള്ള യഥാർത്ഥ വിവരം അവർ ഒന്നുമല്ലാത്തവരും ഒന്നിനും കൊള്ളാത്തവരുമാണെന്നാണ്. എല്ലാവരും നശിച്ച് പോകുന്നവരുമാണ്. അതായത്, മനുഷ്യൻ ദൈവ സൃഷ്ടിയാണെന്ന് കരുതുക. അവന് ഒരിക്കലും അല്ലാഹുവിനോളം ഉന്നതമായ സ്ഥാനങ്ങൾ നൽകാതിരിക്കുക.ഈ ജ്ഞാനപരമായ തൗഹീദിലൂടെ അല്ലാഹുവിന്റെ മഹത്വം മാത്രം പ്രകടമാവുകയും മറ്റെല്ലാം നശിക്കുന്നതാണെന്ന് മനസ്സിലാവുകയും ചെയ്യുന്നു. അവനിൽ ഒരു ന്യൂനതയും കാണാൻ സാധിക്കുന്നതല്ല. അവൻ തന്റെ സത്തയിൽ സമ്പൂർണ്ണനാണ്. ഈ കാര്യങ്ങളിലൂടെയാണ് അല്ലാഹുവിന്റെ മഹത്വം സ്ഥാപിതമാകുന്നത്.സ്വിറാത്തെ മുസ്തഖീമിന്റെ പ്രാവർത്തികമായ വശം എന്ന് പറയുന്നത് യഥാർത്ഥമായ നന്മ നിറവേറ്റുക എന്നതാണ്. അതായത് യഥാർത്ഥത്തിൽ അവന് നന്നായിത്തോന്നുന്നതും ശരിയായിട്ടുള്ളതുമായ കാര്യം. തെറ്റാണെന്ന് ലവലേശം സംശയമുണ്ടെങ്കിൽ അത് ചെയ്യാതിരിക്കുക.ഇതാണ് സ്വിറാത്തെ മുസ്തഖീം.ഇത് നിറവേറ്റുക എന്നത് തൗഹീദെ അമലിയാണ്.താൻ അനുവദനീയമല്ലാത്ത ഒരു കാര്യവും ചെയ്യുകയില്ലെന്നുള്ള പ്രാവർത്തികമായ പ്രകടനമാണത്.അല്ലാഹുവിന്റെ സത്തയിൽ വിശ്വാസമുണ്ടാകുമ്പോൾ തെറ്റായ ഒരു പ്രവൃത്തിയും ഉണ്ടാകുകയില്ല.കാരണം ബഹുദൈവ വിശ്വാസിക്ക് തന്റെ സവിശേഷഗുണങ്ങൾ മുഴുവനും അല്ലാഹുവിന്റെ സവിശേഷഗുണങ്ങളിൽ ലയിക്കണം എന്ന ഉദ്ദേശ്യമായിരിക്കും.സത്യവിശ്വാസി എപ്പോഴും തന്റെ സ്വഭാവങ്ങൾ ദൈവകൽപനയ്ക്ക് വിധേയമാക്കാനായിരിക്കും ശ്രമിക്കുക. ഹഖുന്നഫ്സിലുള്ള വൈജ്ഞാനിക സ്വിറാത്തെ മുസ്തഖീം എന്ന് പറയുന്നത്. ഏതൊരു ആത്മാവിലാണോ ആപത്തുകൾ ഉണ്ടാകുന്നത്? ഉദാഹരണത്തിന് അഹങ്കാരം, കപടനാട്യം, ഗർവ്വ്, കുശുമ്പ് അസൂയ, പൊങ്ങച്ചം, അത്യാഗ്രഹം, പിശുക്ക്, അശ്രദ്ധ, പരദ്രോഹം ഇതിനെക്കുറിച്ചൊക്കെ അറിയുക എന്നതാണ്. ഈ സകലകാര്യങ്ങളും ദോഷകരമാണ് എന്നറിയുക.എപ്രകാരം അത് ദുസ്സ്വഭാവങ്ങളാണോ അപ്രകാരം അവയെ ദുസ്സ്വഭാവങ്ങളായി അറിയുക. ഈ കാര്യങ്ങളും ഇതുപോലുള്ള മറ്റ് തിന്മകളും തരംതാണ കാര്യങ്ങളുമെല്ലാം ഉള്ളത്പോലെ തിരിച്ചറിയുക. അപ്പോൾ മാത്രമേ മനുഷ്യന് നേരായ മാർഗ്ഗത്തിലൂടെ ചരിക്കാൻ സാധിക്കുകയുള്ളൂ. ഇത് തൗഹീദെ ഇൽമിയാകുന്നു. കാരണം ഇതു മുഖേന മഹത്ത്വം ഓരേയൊരു വ്യക്തിയുടേതായി വെളിവാകുന്നു. അവനിൽ ഒരു ന്യൂനതയുമില്ല. തന്റെ സത്തയിൽ അവൻ പരിശുദ്ധനാണ് ഹഖുന്നഫ്സിലുള്ള (പ്രാവർത്തിക) അമലി സ്വിറാത്തെ മുസ്തഖീം എന്ന് പറയുന്നത് ആ ആത്മാവിൽ നിന്ന് ദുസ്സ്വഭാവങ്ങൾ ഞെരിച്ച് നശിപ്പിക്കുകയും നീചകാര്യങ്ങളിൽ നിന്നൊഴിഞ്ഞ്, അനുഗ്രഹങ്ങളുടെ അലങ്കാരത്താൽ വിഭൂഷിതനാവുകയും ചെയ്യുക എന്നതാണ്. അതായത് തരംതാണ സ്വഭാവങ്ങളെയെല്ലാം അവസാനിപ്പിക്കുകയും തന്റെയുള്ളിൽ നന്മകൾ നടപ്പിൽ വരുത്തുകയും ചെയ്യുക എന്നതാണ്. (തിന്മകളുടെ പാത്രം കാലിയാക്കുക മാത്രമല്ല ആ പാത്രത്തെ നന്മകൾകൊണ്ട് നിറയ്ക്കുകയും വേണം.) ഇത് പ്രാവർത്തിക സ്വിറാത്തെ മുസ്തഖീം ആകുന്നു. ഇത് തൗഹീദെ ഹാലി (മനുഷ്യന്റെ അവസ്ഥ പ്രകടമാകുന്ന സ്ഥിതി)യാകുന്നു. ഏകദൈവ വിശ്വാസി അതുകൊണ്ടുദ്ദേശിക്കുന്നത് തന്റെ ഹൃദയത്തെ അന്യദൈവങ്ങളിൽ നിന്നൊഴിപ്പിക്കുകയും അതിന് പരിശുദ്ധിയുടെ ലയനത്തിൽ അല്ലാഹുവിന്റെ ദർജ ലഭ്യമാവുകയും ചെയ്യുക എന്നതായിരിക്കും. അതിലും പ്രാവർത്തിക സ്വിറാത്തെ മുസ്തഖീം ആയ സമസൃഷ്ടികളോടുള്ള കടമയിലും നേരിയ വ്യത്യാസമുണ്ട്. അത് ഇതാണ്. അതായത്, ആത്മാവിന്റെ പ്രാവർത്തികമായ സ്വിറാത്തെ മുസ്തഖീമിന്റെ ഒരു നൈപുണ്യമാണത്. അത് വ്യായാമത്തിലൂടെ മനുഷ്യൻ കരസ്ഥമാക്കുന്നു. എന്നാൽ സമസൃഷ്ടികളോടുള്ള കടമ, അതൊരു സേവനമാണ്. മനുഷ്യകുലത്തിലെ അധികമാളുകൾക്കും അതിന്റെ ഫലമുണ്ടാകുമ്പോഴാണ് അത് നിശ്ചയം വന്നതായിത്തീരുന്നത്. മനുഷ്യൻ മറ്റ് മനുഷ്യരോടുള്ള കടമ നിറവേറ്റണമെന്നത് അല്ലാ ഹു വിന്റെ നിബന്ധനയാണ്. അത്കൊണ്ട് തന്നെ മറ്റ് മനുഷ്യരോടുള്ള കടമകൾ നിറവേറ്റുമ്പോഴാണ് ഇത് സ്ഥാപിതമാകുന്നത്. ഹഖുന്നഫ്സിന്റെ പ്രാവർത്തിക സ്വിറാത്തെ മുസ്തഖീം എന്നത് ആത്മപരിശുദ്ധിയാണ്. അവിടെ ഏതെങ്കിലും സേവനം നിർബന്ധമല്ല. ആത്മാവിന്റെ പരിശുദ്ധി ഒരു കാട്ടിൽ തനിച്ചിരുന്ന് കൊണ്ട് നടത്താവുന്നതാണ്. ആരാധനകളിൽ മുഴുകി അത് ചെയ്യാവുന്നതാണ്. പക്ഷേ, സമസൃഷ്ടികളോടുള്ള കടമ ആദം സന്തതികളോടല്ലാതെ നിറവേറ്റപ്പെടുകയില്ല. അതു കൊണ്ടാണ് പറഞ്ഞത് സന്യാസം ഇസ്ലാമിലില്ല എന്ന്. സന്യാസം നിരോധിക്കാനുള്ള കാരണം അല്ലാഹുവിനോടുള്ള കടമകളും സമസൃഷ്ടികളോടുള്ള കടമകളും നിറവേറ്റപ്പെടാൻ വേണ്ടിയാണ്. സ്വന്തം ആത്മാവിന്റെ പരിശുദ്ധി മനുഷ്യന് കാട്ടിൽ പോയിരുന്നു നടത്താവുന്നതാണ്. എന്നാൽ കാട്ടിലിരുന്ന് സമസൃഷ്ടികളോടുള്ള കടമകൾ നിറവേറ്റപ്പെടാവതല്ല. അതുകൊണ്ടു

തന്നെ അവർക്ക് നേരായ മാർഗ്ഗം ലഭിക്കുന്നില്ല. അവരുടെ വൈ ജ്ഞാനികവും പ്രായോഗികവുമായ വശങ്ങൾ പൂർണ്ണമാകുന്നില്ല. അറിഞ്ഞ് കൊള്ളുക. വൈജ്ഞാനികവും പ്രായോഗികയുമായ സ്വിറാത്തെ മുസ്തഖീം എന്നത് തൗഹീദെ ഇൽമിയും അമലിയുമാണ്. വൈജ്ഞാനികമായി ലഭിക്കുന്ന തൗഹീദും പ്രായോഗികമായി ലഭിക്കുന്ന തൗഹീദും സ്വിറാത്തെ മുസ്തഖീമിലെത്തിക്കുന്നു. മനുഷ്യൻ സ്വിറാത്തെ മുസ്തഖീമിലൂടെ നയിക്കപ്പെടുമ്പോൾ അവന് اَللّٰہُ نُوۡرُ السَّمٰوٰتِ وَالۡاَرۡضِ എന്നതിനെക്കുറിച്ചും അറിവ് ലഭിക്കുന്നു. അനുഗ്രഹങ്ങളുടെ ഉറവിടമായ അവൻ ഏകനാണ്. ഈ ഉദ്ദേശ്യസാഫല്യത്തിനായി അവൻ ഈ ജനങ്ങൾക്ക് അവന്റെ പ്രകാശത്തെക്കുറിച്ച് അറിവ് ലഭിക്കാൻ ഈ ലോകത്തേക്ക് തന്റെ നബിമാരെ അയച്ചു. എല്ലാറ്റിലുമുപരിയായി നബി (സ) തിരുമേനിയെ അയക്കുകയുണ്ടായി. ഖുർആന്റെ രൂപത്തിൽ കിതാബെ മുബീൻ (സ്പഷ്ടമായ ഗ്രന്ഥം) ഇറക്കി.അത് ഏകനായ അല്ലാഹുവിനെക്കുറിച്ച് അറിവ് നൽകുന്നു. ആ പ്രകാശമാണ് നബിമാർ തങ്ങളിൽ സ്വാംശീകരിച്ചിരിക്കുന്നത്. നബി (സ) തിരുമേനി ഏറ്റവും കൂടുതലായി ആ ദൈവിക പ്രകാശം തന്നിൽ പകർത്തി. വിശുദ്ധഖുർആനെപ്പറ്റി മനസ്സിലാക്കുന്നവരും അതിൽ നിന്ന് അനുഗൃഹീതരാവുന്നു. മുഴുലോകത്തെയും പ്രകാശപൂരിതമാക്കുന്ന ഒരേയൊരു പ്രകാശം ഇത് മാത്രമാണ്. മുഴുലോകത്തെയും ഏകനായ അല്ലാഹുവിന്റെ ദാസരാക്കേണ്ടതുണ്ട്. അല്ലാഹു നമുക്ക് ഈ യഥാർത്ഥമായ പ്രകാശം തിരിച്ചറി യാനും നമ്മുടെ ജീവിതത്തെ അനുഗൃഹീതമാക്കാനും ഇത് പ്രചരി പ്പിക്കുന്ന കാര്യത്തിൽ കടമകൾ പാലിക്കാനും തൗഫീഖ് നൽകുമാറാ കട്ടെ.


**വിവർത്തനം**

മൗലവി എൻ. ശഫീഖ് അഹ്മദ് പത്തപ്പിരിയം

മുബല്ലിഗ്, കണ്ണൂർ സിറ്റി , **PHONE : 9895109624**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**

**KHALIFATHUL MASIH - V**

**on 11 - 12 - 2009 at**

**Baithul Futuh**

**London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode

Published by : **Majlis Khuddamul Ahmadiyya, Kerala**